| 03-03-2025 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ - ഈ പരിധിയില്ലാത്ത നാടകത്തെ സദാ സ്മൃതിയിൽ വെയ്ക്കൂ അപ്പോൾ അപാര സന്തോഷത്തിലിക്കാൻ സാധിക്കും, ഈ നാടകത്തിൽ ആരാണോ നല്ല പുരുഷാർത്ഥിയും അനന്യരുമായിട്ടുള്ളത് അവർക്ക് പൂജയും കൂടുതൽ ഉണ്ടാകുന്നു.**

**ചോദ്യം -** ഏത് സ്മൃതിയാണ് ലോകത്തിലെ എല്ലാ ദു:ഖങ്ങളിൽ നിന്നും മുക്തമാക്കുന്നത്, സന്തുഷ്ടരായിരിക്കുന്നതിനുള്ള യുക്തി എന്താണ്?
**ഉത്തരം -** ഈ സ്മൃതി സദാ ഉണ്ടായിരിക്കണം, ഇപ്പോൾ നാം ഭാവിയിലെ പുതിയ ലോകത്തിലേയ്ക്ക് പോയ്ക്കൊണ്ടിരിക്കുകയാണ്. ഭാവിയിലെ സന്തോഷത്തിലിരിക്കുകയാണെങ്കിൽ ദു:ഖം മറന്നുപോകും. വിഘ്നങ്ങളുടെ ലോകത്തിൽ വിഘ്നം വരിക തന്നെ ചെയ്യും, പക്ഷെ ഈ ലോകത്തിൽ നമ്മൾ ബാക്കി കുറച്ച് ദിവസങ്ങൾ മാത്രമേ ഉണ്ടാവൂ എന്ന ഓർമ്മയിലിരിക്കുകയാണെങ്കിൽ സന്തോഷത്തോടെയിരിക്കാം.

**ഗീതം -** ഉണരൂ സജിനിമാരെ ഉണരൂ.............

**ഓം ശാന്തി.** ഈ ഗീതം വളരെ നല്ലതാണ്. ഗീതം കേൾക്കുന്നതിലൂടെ മുകളിൽ നിന്നും 84 ജന്മങ്ങളുടെ രഹസ്യം ബുദ്ധിയിൽ വരുന്നു. ഇതും കുട്ടികൾക്ക് മനസ്സിലാക്കിത്തന്നിട്ടുണ്ട്, നിങ്ങൾ മുകളിൽ നിന്ന് വരുന്നത് സൂക്ഷ്മവതനം വഴിയല്ല. ഇപ്പോൾ സൂക്ഷ്മവതനം വഴി പോകണം. ഇപ്പോഴാണ് ബാബ സൂക്ഷ്മവതനം കാണിച്ചു തരുന്നത്. സത്യ-ത്രേതായുഗത്തിൽ ഈ ജ്ഞാനത്തിന്റെ കാര്യം തന്നെയില്ല. ഈ ചിത്രം മുതലായവും ഇല്ല. ഭക്തി മാർഗ്ഗത്തിലാണെങ്കിൽ അനേകം ചിത്രങ്ങളാണ്. ദേവിമാരുടെയെല്ലാം അനേകം പൂജകളും നടത്തുന്നു. ദുർഗ്ഗാ, കാളി, സരസ്വതി എല്ലാം ഒന്ന് തന്നെയാണ് പക്ഷെ പേര് വെച്ചിരിക്കുന്നത് എത്രയാണ്. ആരാണോ നല്ല പുരുഷാർത്ഥം ചെയ്യുന്നത്, അനന്യരായിരിക്കുന്നത് അവരുടെ പൂജയും കൂടുതലുണ്ടാകും. നിങ്ങൾക്കറിയാം നമ്മൾ തന്നെയാണ് പൂജ്യരിൽ നിന്ന് പൂജാരിയായി മാറി ബാബയുടെയും നമ്മുടെയും പൂജ ചെയ്യുന്നത്. ഇദ്ദേഹവും (ബ്രഹ്മാബാബ) നാരായണന്റെ പൂജ ചെയ്തിരുന്നുവല്ലോ. അത്ഭുതകരമായ കളിയാണ്. നാടകം കാണുമ്പോൾ സന്തോഷമുണ്ടാകാറുണ്ടല്ലോ, അതുപോലെ ഇതും പരിധിയില്ലാത്ത നാടകമാണ്, ഇതിനെ ആരും തന്നെ അറിയുന്നില്ല. നിങ്ങളുടെ ബുദ്ധിയിൽ ഇപ്പോൾ ഈ മുഴുവൻ നാടകത്തിന്റെയും രഹസ്യമുണ്ട്. ഈ ലോകത്തിൽ വളരെയധികം ദു:ഖമാണ്. നിങ്ങൾക്കറിയാം ഇപ്പോൾ ബാക്കി കുറച്ച് സമയമേ ഉള്ളൂ, നമ്മൾ പുതിയ ലോകത്തിലേയ്ക്ക് പോയ്ക്കൊണ്ടിരിക്കുകയാണ്. ഭാവിയിലെ സന്തോഷത്തിലിരിക്കുകയാണെങ്കിൽ അത് ഈ ദു:ഖത്തെ ഇല്ലാതാക്കുന്നു. എഴുതുന്നു, ബാബാ ഒരുപാട് വിഘ്നം ഉണ്ടാകുന്നു, നഷ്ടം സംഭവിക്കുന്നു. ബാബ പറയുന്നു എന്ത് തന്നെ വിഘ്നം വന്നോട്ടെ, ഇന്ന് ലക്ഷാധിപതിയാണെങ്കിൽ, നാളെ ഒന്നുമില്ലാത്തവരാകുന്നു. നിങ്ങളാണെങ്കിൽ ഭാവിയിലെ സന്തോഷത്തിലിരിക്കുകയാണല്ലോ. ഇത് രാവണന്റെ ആസുരിയ ലോകമാണ്. മുന്നോട്ട് പോകുന്തോറും എന്തെങ്കിലുമൊക്കെ വിഘ്നം സംഭവിക്കും. ഈ ലോകത്തിൽ ബാക്കി കുറച്ച് ദിവസമാണുള്ളത് പിന്നീട് നമ്മൾ അപാരസുഖത്തിലേയ്ക്ക് പോകും. ബാബ പറയാറുണ്ടല്ലോ - ഇന്നലെ കറുത്തവനായിരുന്നു, ഗ്രാമത്തിലെ പയ്യനായിരുന്നു, ഇപ്പോൾ ബാബ ജ്ഞാനം നൽകി എന്നെ വെളുത്തതാക്കി മാറ്റികൊണ്ടിരിക്കുകയാണ്. നിങ്ങൾക്കറിയാം ബാബ ബീജരൂപമാണ്, സത്യമാണ്, ചൈതന്യമാണ്. ബാബയെ സുപ്രീം സോൾ(പരമാത്മാവ്) എന്ന് പറയുന്നു. ബാബ ഉയർന്നതിലും ഉയർന്നതാണ്, പുനർജന്മത്തിൽ വരുന്നില്ല. നമ്മളെല്ലാവരും ജനന മരണത്തിൽ വരുന്നു, ബാബ ഇതിൽ നിന്നെല്ലാം വേറിട്ടതാണ്. ബാബയ്ക്കാണെങ്കിൽ അവസാനം വന്ന് എല്ലാവരുടെയും സദ്ഗതി ചെയ്യണം. നിങ്ങൾ ഭക്തി മാർഗ്ഗത്തിൽ ജന്മ ജന്മാന്തരം പാടി വന്നിരിന്നു- ബാബാ അങ്ങ് വരുകയാണെങ്കിൽ ഞങ്ങൾ അങ്ങയുടെതായി മാറും. എന്റെതാണെങ്കിൽ ഒരേയൊരു ബാബ മാത്രമാണ് രണ്ടാമതൊരാളില്ല. ഞങ്ങൾ ബാബയുടെ കൂടെ തന്നെ പോകും. ഇത് ദു:ഖത്തിന്റെ ലോകമാണ്. ഭാരതം എത്ര ദരിദ്രമാണ്. ബാബ പറയുന്നു, ഞാൻ ഭാരതത്തെ തന്നെയാണ് സമ്പന്നമാക്കി മാറ്റിയിരുന്നത് പിന്നീട് രാവണൻ നരകമാക്കി മാറ്റുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾ ബാബയുടെ സന്മുഖത്ത് ഇരിക്കുകയാണ്. ഗൃഹസ്ഥ വ്യവഹാരത്തിൽ തന്നെയാണ് അനേകർ ഇരിക്കുന്നത്. എല്ലാവരും ഇവിടെ തന്നെ ഇരിക്കേണ്ടതില്ല. ഗൃഹസ്ഥ വ്യവഹാരത്തിലിരുന്നോളൂ, കളർ വസ്ത്രങ്ങലിട്ടോളൂ, വെള്ള വസ്ത്രം ധരിക്കണമെന്ന് ആരാണ് പറഞ്ഞത്. ബാബ ഒരിക്കലും ആരോടും പറയുന്നില്ല. നിങ്ങൾക്ക് നല്ലതായി തോന്നാത്തതുകൊണ്ട് വെളുത്ത വസ്ത്രം ധരിക്കുന്നു. ഇവിടെ നിങ്ങൾ വെള്ള വസ്ത്രം ധരിച്ചിരിക്കുന്നുവെങ്കിലും കളർ വസ്ത്രങ്ങൾ ധരിക്കുന്നവർ, ആ വസ്ത്രങ്ങളിലും അനേകരുടെ

മംഗളം ചെയ്യാൻ സാധിക്കുന്നു. മാതാക്കൾ തങ്ങളുടെ പതിമാർക്കു പോലും മനസ്സിലാക്കി കൊടുക്കുന്നു – ഭഗവാനുവാചയാണ് പവിത്രമായിരിക്കണം. ദേവതകൾ പവിത്രമാണ് അതുകൊണ്ടാണ് അവരുടെ മുന്നിൽ തല കുനിക്കുന്നത്. പവിത്രമായി ജീവിക്കുന്നത് നല്ലതല്ലേ. സൃഷ്ടിയുടെ അവസാനമാണെന്ന് ഇപ്പോൾ നിങ്ങൾക്കറിയാം. കൂടുതലുള്ള പണമൊക്കെ എന്ത് ചെയ്യാനാണ്. ഇന്നത്തെക്കാലത്ത് എത്ര കൊള്ള യാണ് നടക്കുന്നത്, കൈക്കൂലി എത്രയാണ് വാങ്ങുന്നത്. ഇത് ഇന്നത്തെക്കാലത്തെക്കുറിച്ചുള്ള പാട്ടാണ് – ചിലരുടേത് മണ്ണിൽ പോയി....... എന്നാൽ ആര് ഈശ്വരന്റെ കാര്യത്തിൽ ചിലവഴിക്കുന്നുവോ അത് സഫലമാക്കപ്പെടുന്നു..... ഈശ്വരനിപ്പോൾ സന്മുഖത്തുണ്ട്. വിവേകശാലികളായ കുട്ടികളിപ്പോൾ തന്റെ എല്ലാം ഈശ്വരന്റെ പേരിൽ സഫലമാക്കിക്കൊണ്ടിരിക്കുന്നു.

മനുഷ്യരെല്ലാവരും പതിതർ– പതിതർക്ക് ദാനം നൽകുന്നു. ഇവിടെയാണെങ്കിൽ പുണ്യാത്മാക്കൾക്ക് ദാനം നൽകണം. ബ്രാഹ്മണരുമായല്ലാതെ വേറെ ആരുമായും സമ്പർക്കമുണ്ടായിരിക്കുകയില്ല. നിങ്ങൾ പുണ്യാത്മാക്കളാണ്. നിങ്ങൾ പുണ്യത്തിന്റെ പ്രവർത്തി തന്നെയാണ് ചെയ്യുന്നത്. വീട് ഉണ്ടാക്കുന്നു, അതിലും നിങ്ങൾ തന്നെയാണിരിക്കുന്നത്. പാപത്തിന്റെ ഒരു കാര്യവുമില്ല. എത്ര പൈസയുണ്ടോ – ഭാര തത്തെ സ്വർഗ്ഗമാക്കി മാറ്റുന്നതിന് വേണ്ടി ചിലവഴിച്ചുകൊണ്ടിരിക്കുന്നു. തന്റെ വയറു പോലും മുറുക്കിയു ടുത്ത് പറയുന്നു – ബാബാ, ഞങ്ങളുടെയും ഒരു ഇഷ്ടിക ഇതിൽ വെയ്ക്കൂ എങ്കിൽ ഞങ്ങൾക്കവിടെ കൊട്ടാരം ലഭിക്കും. എത്ര വിവേകശാലികളായ കുട്ടികളാണ്. കല്ലുകൾക്കു പകരം സ്വർണ്ണം ലഭിക്കുന്നു. സമയവും ബാക്കി കുറച്ചേയുള്ളൂ. നിങ്ങൾ വളരെയധികം സർവ്വീസ് ചെയ്യുന്നു. പ്രദർശിനിയും മേളയും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. കേവലം പെൺകുട്ടികൾ തീവ്രമായിരിക്കണം. പരിധിയില്ലാത്ത ബാബ യുടെതായി മാറുന്നില്ല, മോഹം ഉപേക്ഷിക്കുന്നില്ല. ബാബ പറയുന്നു ഞാൻ നിങ്ങളെ സ്വർഗ്ഗത്തിലേക്ക് അയച്ചിരിന്നു, ഇപ്പോൾ വീണ്ടും നിങ്ങൾക്കുവേണ്ടി സ്വർഗ്ഗം തയ്യാറാക്കികൊണ്ടിരിക്കുന്നു. ശ്രീമത്തിലൂടെ നടക്കുകയാണെങ്കിൽ ഉയർന്ന പദവിയും ലഭിക്കും. ഈ കാര്യം വേറെ ആർക്കും മനസ്സിലാക്കി തരാൻ സാധിക്കുകയില്ല. മുഴുവൻ സൃഷ്ടി ചക്രവും നിങ്ങളുടെ ബുദ്ധിയിലുണ്ട് – മൂലവതനം, സൂക്ഷ്മ വതനം, സ്ഥൂല വതനം. ബാബ പറയുന്നു – കുട്ടികളെ, സ്വദർശന ചക്രധാരിയായി മാറൂ, മറ്റുള്ളവർക്കും മനസ്സി ലാക്കി കൊടുത്തുകൊണ്ടിരിക്കൂ. ഈ കാര്യം എങ്ങനെയാണെന്ന് നോക്കൂ. സ്വയം തന്നെ ധനവാൻ, സ്വർഗ്ഗത്തിന്റെ അധികാരിയായി മാറണം, മറ്റുള്ളവരെയും മാറ്റണം. ബുദ്ധിയിൽ ഇത് തന്നെ ഉണ്ടായിരി ക്കണം – മറ്റുള്ളവർക്ക് എങ്ങനെ വഴി പറഞ്ഞുകൊടുക്കും? ഡ്രാമയനുസരിച്ച് എന്താണ് കഴിഞ്ഞുപോ യത് അത് ഡ്രാമയാണ്. നിമിഷം തോറും എന്താണോ സംഭവിക്കുന്നത്, അതിനെ നമ്മൾ സാക്ഷിയായി കാണുന്നു. കുട്ടികൾക്ക് ബാബ ദിവ്യ ദൃഷ്ടിയിലൂടെ സാക്ഷാത്ക്കാരവും ചെയ്യിപ്പിക്കുന്നു. മുന്നോട്ട് പോകുമ്പോൾ നിങ്ങൾ വളരെയധികം സാക്ഷാത്ക്കാരം ചെയ്യും. മനുഷ്യർ ദു:ഖത്താൽ അയ്യോ–അയ്യോ എന്ന് നിലവിളിച്ചുകൊണ്ടിരിക്കും, നിങ്ങൾ സന്തോഷത്താൽ കൈയടിച്ചുകൊണ്ടിരിക്കും. നമ്മൾ മനുഷ്യ നിൽ നിന്ന് ദേവതയായി മാറികൊണ്ടിരിക്കുകയാണ് അതുകൊണ്ട് തീർച്ചയായും പുതിയ ലോകം ആവ ശ്യമാണ്. അവർക്കുവേണ്ടി ഈ വിനാശം നിൽക്കുന്നു. ഇത് നല്ലതാണല്ലോ. മനുഷ്യർ മനസ്സിലാക്കുന്നു പരസ്പരം വഴക്കടിക്കരുത്, ശാന്തി വേണം. അത്രയും മതി. പക്ഷെ ഇതാണെങ്കിൽ ഡ്രാമയിലടങ്ങിയിട്ടു ള്ളതാണ്. രണ്ട് കുരങ്ങന്മാർ പരസ്പരം വഴക്കടിച്ചു, വെണ്ണ ഇടയിൽ നിൽക്കുന്ന മൂന്നാമന് ലഭിച്ചു. അതി നാൽ ഇപ്പോൾ ബാബ പറയുന്നു – അച്ഛനായ എന്നെ ഓർമ്മിക്കൂ ബാക്കി എല്ലാവർക്കും വഴി പറഞ്ഞു കൊടുക്കൂ. വസിക്കുന്നതും സാധാരണമായിരിക്കണം, ഭക്ഷണവും സാധാരണമായിരിക്കണം. ഇടയ്ക്കി ടയ്ക്ക് സൽക്കാരവും ചെയ്യുന്നു. ഏത് ഭണ്ഡാരയിൽ നിന്നാണോ കഴിക്കുന്നത്, പറയുന്നു ബാബാ ഇതെല്ലാം അങ്ങയുടെയാണ്. ബാബ പറയുന്നു ട്രസ്റ്റിയായി സംരക്ഷിക്കൂ. ബാബാ എല്ലാം അങ്ങയാൽ നൽകപ്പെട്ടതാണ്. ഭക്തിമാർഗ്ഗത്തിൽ കേവലം പറയാൻ വേണ്ടി മാത്രം പറഞ്ഞിരുന്നു. ഇപ്പോൾ ഞാൻ നിങ്ങളോട് പറയുന്നു ട്രസ്റ്റിയാകൂ. ഇപ്പോൾ ഞാൻ സന്മുഖത്തുണ്ട്. ഞാനും ട്രസ്റ്റിയായി മാറി നിങ്ങ ളെയും ട്രസ്റ്റിയാക്കി മാറ്റുന്നു. എന്ത് ചെയ്യുമ്പോഴും ചോദിച്ച് ചെയ്യൂ. ബാബ ഓരോ കാര്യത്തിലും അഭി പ്രായം തന്നുകൊണ്ടിരിക്കും. ബാബാ കെട്ടിടം ഉണ്ടാക്കട്ടെ, ഇത് ചെയ്യട്ടെ, ബാബ പറയും ശരി ചെയ്തോളൂ. അല്ലാതെ പാപാത്മാക്കൾക്ക് കൊടുക്കരുത്. അഥവാ പെൺകുട്ടി ജ്ഞാനത്തിൽ വരുന്നില്ല, വിവാഹം കഴിക്കാൻ ആഗ്രഹിക്കുകയാണെങ്കിൽ ചെയ്താലും എന്താണ്. ബാബയാണെങ്കിൽ മനസ്സിലാക്കി തരുന്നു നിങ്ങൾ എന്തുകൊണ്ടാണ് അപവിത്രമായി മാറുന്നത്, പക്ഷെ ആരുടെ ഭാഗ്യത്തിലാണോ ഇല്ലാത്തത് അവർ പതിതരായി മാറുന്നു. അനേക പ്രകാരത്തിലുള്ള കേസും നടന്നുകൊണ്ടിരിക്കുന്നു. പവിത്രമായി ഇരുന്നിട്ട് പോലും മായയുടെ അടി കിട്ടുന്നു, മോശമായി മാറുന്നു. മായ വളരെ ശക്തിശാലിയാണ്. അവരും കാമത്തിന് വശപ്പെട്ട് പോകുന്നു, എന്നിട്ട് പറയുന്നു ഡ്രാമയുടെ ഭാവി. ഈ നിമിഷം വരെ എന്തെല്ലാം സംഭവിച്ചുവോ അതെല്ലാം കല്പം മുമ്പും സംഭവിച്ചിട്ടുണ്ടായിരുന്നു. ഒന്നും പുതിയതല്ല. നല്ല കർമ്മം ചെയ്യുന്നതിൽ വിഘ്നമിടുന്നു, പുതിയ കാര്യമല്ല. നമുക്കാണെങ്കിൽ ശരീരം–മനസ്സ്–ധനത്താൽ ഭാരതത്തെ

തീർച്ചയായും സ്വർഗ്ഗമാക്കി മാറ്റണം. എല്ലാം ബാബയിൽ സ്വാഹാ ചെയ്യണം. നിങ്ങൾ കുട്ടികൾക്കറിയാം – നമ്മൾ ശ്രീമതത്തിലൂടെ ഈ ഭാരതത്തിന്റെ ആത്മീയ സേവനം ചെയ്തുകൊണ്ടിരിക്കുകയാണ്. നിങ്ങളുടെ ബുദ്ധിയിലുണ്ട് നമ്മൾ നമുടെ രാജ്യം വീണ്ടും സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. ബാബ പറയുന്നു ഈ ആത്മീയ ഹോസ്പിറ്റൽ കം യൂണിവേഴ്സിറ്റി മൂന്നടി മണ്ണിൽ തുറക്കൂ, ഇതിലൂടെ മനുഷ്യർ സദാ ആരോഗ്യവാൻമാരും സമ്പന്നരുമായി മാറും. മൂന്നടി ഭൂമി പോലും ആരും നൽകുന്നില്ല. പറയുന്നു ബീ. കെ. ഇന്ദ്രജാലം ചെയ്യും, സഹോദരി സഹോദരനാക്കി മാറ്റും. നിങ്ങൾക്കു വേണ്ടി ഡ്രാമയിൽ വളരെ നല്ല രീതിയിൽ യുക്തി രചിച്ചിട്ടുണ്ട്. സഹോദരി– സഹോദരർക്ക് കുദൃഷ്ടി വെയ്ക്കാൻ സാധിക്കില്ല. ഇന്നത്തെക്കാലത്താണെങ്കിൽ ലോകം ഇത്രയും മോശമായിരിക്കുകയാണ്, ചോദിക്കേണ്ട കാര്യമില്ല. അതിനാൽ ബാബയ്ക്ക് എങ്ങനെയാണോ ദയ തോന്നുന്നത്, അതുപോലെ നിങ്ങൾ കുട്ടികൾക്കും ഉണ്ടാവണം. എങ്ങനെയാണോ ബാബ നരകത്തെ സ്വർഗ്ഗമാക്കി മാറ്റികൊണ്ടിരിക്കുന്നത്, അങ്ങനെ നിങ്ങൾ ദയാഹൃദയരായ കുട്ടികൾക്കും ബാബയുടെ സഹായിയായി മാറണം. പൈസയുണ്ടെങ്കിൽ ഹോസ്പിറ്റൽ കം യൂണിവേഴ്സിറ്റി തുറക്കൂ. ഇതിൽ കൂടുതൽ ചിലവിന്റെയൊന്നും കാര്യം തന്നെയില്ല. കേവലം ചിത്രം വെയ്ക്കൂ. ആരാണോ കല്പം മുമ്പ് ജ്ഞാനം എടുത്തിരുന്നത്, അവരുടെ പൂട്ട് തുറക്കപ്പെടും. അവർ വന്നുകൊണ്ടിരിക്കും. എത്ര കുട്ടികളാണ് പഠിക്കുന്നതിന് വേണ്ടി ദൂരെ ദൂരെ നിന്നും വരുന്നത്, ബാബ ഇങ്ങനെയും കാണുന്നുണ്ട്, രാത്രിയിൽ ഒരു ഗ്രാമത്തിൽ നിന്നും വരുന്നു, രാവിലെ സെന്ററിൽ വന്ന് സഞ്ചി നിറച്ച് പോകുന്നു. സഞ്ചി ചോർന്ന് പോകുന്നതാവരുത്. അവർ പിന്നെ എന്ത് പദവി നേടും! നിങ്ങൾ കുട്ടികൾക്കാണെങ്കിൽ വളരെയധികം സന്തോഷമുണ്ടായിരിക്കണം. പരിധിയില്ലാത്ത ബാബ നമ്മേ പഠിപ്പിക്കുകയാണ്, പരിധിയില്ലാത്ത സമ്പത്ത് നൽകുന്നതിന്. വളരെ സഹജമായ ജ്ഞാനമാണ്. ബാബ മനസ്സിലാക്കുന്നു ആരാണോ തികച്ചും കല്ല് ബുദ്ധികൾ അവരെ പവിഴ ബുദ്ധിയാക്കി മാറ്റണം. ബാബയാണെങ്കിൽ വളരെയധികം സന്തോഷിക്കുന്നുണ്ട്. ഇത് ഗുപ്തമാണല്ലോ. ജ്ഞാനവും ഗുപ്തമാണ്. മമ്മയും ബാബയും ഈ ലക്ഷ്മീ നാരായണനായി മാറുന്നുവെങ്കിൽ നമ്മളെന്താ കുറഞ്ഞ പദവി നേടുമോ! നമ്മളും സർവ്വീസ് ചെയ്യുന്നുണ്ട്. അതിനാൽ ഈ ലഹരി ഉണ്ടായിരിക്കണം. നമ്മൾ യോഗബലത്തിലൂടെ തന്റെ രാജധാനി സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ നമ്മൾ സ്വർഗ്ഗത്തിന്റെ അധികാരിയായി മാറുന്നു. അവിടെ പിന്നെ ഈ ജ്ഞാനം ഉണ്ടായിരിക്കുകയില്ല. ഈ ജ്ഞാനം ഇപ്പോഴത്തെക്ക് വേണ്ടിയാണ്. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം.

1. വിവേകശാലികളായി മാറി തന്റെ എല്ലാം ഈശ്വരന്റെ പേരിൽ സഫലമാക്കണം. പതിതർക്ക് ദാനം ചെയ്യരുത്. ബ്രാഹ്മണരുമായല്ലാതെ വേറെ ആരുമായും സമ്പർക്കം വെയ്ക്കരുത്.

2. ബുദ്ധിയാകുന്ന സഞ്ചിയിൽ ജ്ഞാനം ചോർന്ന് പോകുന്ന തരത്തിൽ സുഷിരവുമുണ്ടാകരുത്. പരിധിയില്ലാത്ത ബാബ പരിധിയില്ലാത്ത സമ്പത്ത് നൽകുന്നതിന് വേണ്ടി പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്, ഈ ഗുപ്ത സന്തോഷത്തിലിരിക്കണം. ബാബയ്ക്കു സമാനം ദയാഹൃദയരായി മാറണം.

## മാതേശ്വരിജിയുടെ അമൂല്യ മഹാവാക്യങ്ങൾ

## 1) പരമാത്മാവ് ഗുരു, ടീച്ചർ, അച്ഛന്റെ രൂപത്തിൽ വിവിധ സംബന്ധങ്ങളുടെ സമ്പത്ത് നൽകുന്നു.

നോക്കൂ, പരമാത്മാവ് മൂന്ന് രൂപങ്ങൾ ധാരണ ചെയ്ത് സമ്പത്ത് നൽകുന്നു. പരമാത്മാവ് നമ്മുടെ അച്ഛനുമാണ്, ടീച്ചറുമാണ്, ഗുരുവുമാണ്. ഇപ്പോൾ പിതാവിനോടൊപ്പം പിതാവിന്റെ സംബന്ധമുണ്ട്, ടീച്ചറായി ടീച്ചറിന്റെ സംബന്ധമുണ്ട്, ഗുരുവായി ഗുരുവിന്റെ സംബന്ധവുമുണ്ട്. അഥവാ അച്ഛനുമായി ബന്ധം പിരിഞ്ഞാൽ പിന്നെ സമ്പത്ത് എങ്ങിനെ ലഭിക്കും? എപ്പോൾ പാസ്സായി ടീച്ചറിൽ നിന്ന് സർട്ടിഫിക്കറ്റ് നേടുന്നുവോ അപ്പോൾ ടീച്ചറിന്റെ കൂട്ട് ലഭിക്കും. അഥവാ, ബാബയുടെ സത്യസന്ധനും വിശ്വസ്തനുമാണ് പക്ഷെ നിർദ്ദേശമനുസരിച്ച് നടക്കുന്നില്ലെങ്കിൽ ഭാവിയിലേക്കുള്ള പ്രാലബ്ധം ഉണ്ടാക്കാൻ കഴിയില്ല. പിന്നെ പൂർണ്ണ സദ്ഗതിയും പ്രാപ്തമാക്കാൻ കഴിയില്ല, ബാബയിൽ നിന്ന് പവിത്രതയുടെ സമ്പത്തെ

ടുക്കാനും സാദ്ധ്യമല്ല. പരമാത്മാവിന്റെ പ്രതിജ്ഞയാണ്, നിങ്ങൾ പുരുഷാർത്ഥം ചെയ്യുകയാണെങ്കിൽ 100 ഇരട്ടി ലാഭം തരാം. കേവലം പറഞ്ഞാൽ മാത്രം പോരാ, പരമാത്മാവിനോടൊപ്പം ആഴത്തിലുള്ള സംബന്ധവും വേണം. അർജ്ജുനനും ആജ്ഞ കൊടുത്തിരുന്നു, എല്ലാവരെയും വധിച്ചോളൂ, നിരന്തരം എന്നെ ഓർമ്മിക്കൂ. പരമാത്മാവാണെങ്കിൽ സമർത്ഥനാണ്, സർവ്വശക്തിവാനുമാണ്, തന്റെ പ്രതിജ്ഞ തീർച്ചയായും നിറവേറ്റും. എപ്പോൾ കുട്ടികളും അച്ഛനോടുള്ള കടമ നിറവേറ്റുന്നുവോ, എല്ലാവരിൽ നിന്നും ബുദ്ധിയോഗം വേർപെടുത്തി ഒരു ബാബയിൽ വെക്കുന്നുവോ, അപ്പോഴേ പൂർണ്ണ സമ്പത്ത് ലഭിക്കൂ.

## വരദാനം:- സമ്പന്നതയിലൂടെ സ്തുഷ്ടതയുടെ അനുഭവം ചെയ്യുന്ന സദാ ഹർഷിതരും വിജയിയുമായി ഭവിക്കട്ടെ.

ആരാണോ സർവ്വ ഖജനാവുകളാലും സമ്പന്നരായിട്ടുള്ളത് അവർ തന്നെയാണ് സന്തുഷ്ടർ. സന്തുഷ്ടത അർത്ഥം സമ്പന്നത. ബാബ സമ്പന്നനാണ് അതിനാൽ മഹിമയിൽ സാഗരം എന്ന വാക്ക് പറയുന്നു, അതേപോലെ താങ്കൾ കുട്ടികളും മാസ്റ്റർ സാഗരം അതായത് സമ്പന്നമാകൂ എങ്കിൽ സദാ സന്തോഷത്താൽ നൃത്തം ചെയ്തുകൊണ്ടിരിക്കാം. ഉള്ളിൽ സന്തോഷമല്ലാതെ മറ്റൊന്നും വരികയില്ല. സ്വയം സമ്പന്നമായിരിക്കുന്നത് കാരണം ആരെയും ബുദ്ധിമുട്ടിക്കേണ്ടതില്ല. ഏത് വിധത്തിലുള്ള ചഞ്ചലതകളും വിഘ്നങ്ങളും ഒരു കളി പോലെ അനുഭവപ്പെടും, പ്രശ്നങ്ങൾ മനസ്സിനെ രമിപ്പിക്കുന്നതിന്റെ മാർഗ്ഗമായി മാറും. നിശ്ചയബുദ്ധിയായത് കാരണം സദാ ഹർഷിതരും വിജയിയുമായി മാറും.

## സ്ലോഗൻ:- വിമർശനാത്മകമായ സാഹചര്യങ്ങളിൽ പരിഭ്രമിക്കരുത്, അതിൽ നിന്ന് പാഠം പഠിച്ച് സ്വയത്തെ പരിപക്വമാക്കൂ.

## അവ്യക്ത സൂചനകൾ- സത്യതയാകുന്ന സംസ്കാരത്തെ സ്വായത്തമാക്കൂ.

ആവേശത്തിൽ വന്ന് ആരെങ്കിലും സത്യത്തെ തെളിയിക്കുകയാണെങ്കിൽ തീർച്ചയായും അവരിൽ കുറച്ചെന്തെങ്കിലും അസത്യം ഒളിഞ്ഞിരിക്കുന്നുണ്ടാകും. പല കുട്ടികളുടെയും ഭാഷ തന്നെ ഇങ്ങനെയായിരിക്കുന്നു- ഞാൻ തികച്ചും സത്യമാണ് പറയുന്നത്, നൂറ് ശതമാനം സത്യമാണ് പറയുന്നത്- പക്ഷെ സത്യത്തെ തെളിയിക്കേണ്ട ആവശ്യകതയില്ല. സത്യം അങ്ങനെയുള്ള സൂര്യനാണ് അതിന് ഒളിഞ്ഞിരിക്കാൻ സാധിക്കില്ല, എത്ര മതിലുകളാൽ മുന്നിൽ മറച്ചാലും സത്യതയുടെ പ്രകാശം ഒരിക്കലും ഒളിപ്പിക്കാൻ സാധിക്കില്ല. സഭ്യതാപൂർവ്വമായ വാക്ക്, സഭ്യതാപൂർവ്വമായ പെരുമാറ്റം, ഇതിൽ തന്നെയാണ് സഫലത അടങ്ങിയിട്ടുള്ളത്.